"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീ. വിജയൻ (S/o സുകുമാരൻ, തോപ്പിൽ വീട്, കോട്ടപ്പുറം പി.ഒ, വിഴിഞ്ഞം) സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജി തീർപ്പാക്കിയ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് - 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.867/2024/LSGD തീയതി,തിരുവനന്തപുരം, 18-05-2024

---

പരാമർശം:-

1. ശ്രീ. വിജയൻ, തോപ്പിൽ വീട്, കോട്ടപ്പുറം വി.ഒ, വിഴിഞ്ഞം സംസ്ഥാന വിവരാവകാശ കമ്മീഷൻ മുൻപാകെ സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജിയിൽ മുഖ്യ വിവരവകാശ കമ്മീഷണറുടെ 06.10.2023 - ലെ ഹർജി നമ്പർ A.P No. 2006(6)/2021/SIC തീർപ്പ് കല്പിച്ച് കൊണ്ടുള്ള നടപടിക്രമം
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.04.2024 ലെ LSGD/PD/62298/2023/EER4 നമ്പർ കത്ത്.
3. തിരുവനന്തപുരം ജില്ലാ ജോയന്റ് ഡയറക്ടർക്ക് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി 27.02.2024-ൽ അയച്ച VZ/A7/A6/509/2021 നമ്പർ കത്ത്.

**ഉത്തരവ്**

വസ്തു തർക്കവുമായി ബന്ധപ്പെട്ട് ബഹു. സുപ്രിം കോടതിയിൽ കേസ് നടന്ന് വരുന്നതും സ്റ്റേ നിലവിലുള്ളതുമായ ശ്രീ. വിജയന്റെ (S/o സുകുമാരൻ തോപ്പിൽ വീട്, കോട്ടപ്പുറം പി.ഒ, വിഴിഞ്ഞം) പുരയിടത്തിലെ പുളിമരം മുറിച്ച് മാറ്റുന്നതിന് സ്ഥലം കൗൺസിലർ ശ്രീ. പനിയടിമയ്ക്ക് കോർപ്പറേഷൻ അധികാരികൾ ഉത്തരവ്/നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് ആരാഞ്ഞു കൊണ്ട് ശ്രീ. വിജയൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലും അപ്പീലിലും വിവരം ലഭിച്ചില്ലെന്ന് കാണിച്ച് മുഖ്യ വിവരവകാശ കമ്മീഷണർക്ക് സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജി തീർപ്പാക്കി പുറപ്പെടുവിച്ച പരാമർശം-1 -ലെ നടപടിക്രമത്തിൽ സുപ്രീം കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കേ ആയതിന് വിരുദ്ധമായി ഹർജിക്കാരന്റെ വസ്തുവിലുള്ള പുളിമരത്തിന്റെ ശിഖരം മുറിച്ചു മാറ്റിയതിന് ഉത്തരവാദി ആരെന്നതിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ സെക്രട്ടറി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ മേൽനടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയുണ്ടായി.

ആയതിൻ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം-2 പ്രകാരമുള്ള റിപ്പോർട്ട് പരാമർശം-3 പ്രകാരമുള്ള കത്ത് ഉള്ളടക്കം ചെയ്ത് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ

ശ്രീ. വിജയൻ സമർപ്പിച്ചിട്ടുള്ള കത്തിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ, നഗരസഭ കക്ഷിയല്ലാത്തതിനാൽ വിധിന്യായത്തിലും നഗരസഭയ്ക്ക് പങ്കില്ലാത്തതാണെന്നും, ടി കേസ് വസ്തുവിന്റെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ചതാണെന്നും , കൗൺസിലർ ചെയ്യുന്ന എല്ലാ പ്രവർത്തികൾക്കും നഗരസഭയ്ക്ക് ബാധ്യതയില്ലാത്തതാകുന്നുവെന്നും അറിയിക്കുകയുണ്ടായി. അപകടകരമായ, ശല്യമായ മരം മുറിച്ച്/ശല്യം ശമിപ്പിക്കുന്നതിന് നഗരസഭയ്ക്ക് കേരളാ മുനിസിപ്പലിറ്റി ആക്ട് 412 -ാം വകുപ്പ് പ്രകാരം അധികാരം ഉള്ളതാണ്. മരം മുറിച്ച് മാറ്റരുത് എന്ന ഒരു കേസ്സോ കോടതി ഉത്തരവോ നിലവിലില്ല. ശല്യം ശമിപ്പിക്കാൻ 412 ഉപയോഗിക്കാനുള്ള പ്രത്യേക സഹചര്യം ഉണ്ടെങ്കിൽ ആയത് ഉപയോഗിക്കാവുന്നതാണ്. കൂടാതെ നഗരസഭ ചുമതലപ്പെടുത്തി ഇത്തരത്തിൽ പുളിമരം മുറിച്ച് മാറ്റിയിട്ടില്ല. മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ, സംസ്ഥാന വിവരാവകാശ കമ്മീഷൻ നിരീക്ഷിക്കുന്ന രീതിയിൽ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് നഗരസഭ ലംഘിക്കുകയോ അനുസരിക്കാതിരിക്കുന്ന സാഹചര്യമോ ഉണ്ടായിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2) പരാമർശം-3 പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ തിരുവനന്തപുരം നഗരസഭയ്ക്ക് പ്രസ്തുത വിഷയത്തിൽ പങ്കില്ല എന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ, പരാതിയിൽ ആരോപിക്കുന്ന പ്രകാരം, സുപ്രീം കോടതി ഉത്തരവ് നിലനിൽക്കെ, വാർഡ് കൗൺസിലർ നിയമ വിരുദ്ധമായി പ്രവർത്തിച്ചുവോയെന്നതിൽ വ്യക്തതയില്ലാത്തതിനാൽ, മുഖ്യ വിവരാവകാശ കമ്മീഷണറുടെ ഉത്തരവിലെ പുളിമരത്തിന്റെ ശിഖരം മുറിച്ച് മാറ്റിയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിയുന്നില്ല. ആയതിനാൽ പ്രസ്തുത പരാതിയുടെ നിജസ്ഥിതി അറിയുന്നതിനും ഉത്തരവാദികളായവർക്കെതിരെ മേൽനടപടി സ്വീകരിക്കണമെന്ന മുഖ്യ വിവരാവകാശ കമ്മീഷണറുടെ ഉത്തരവിലെ നിർദ്ദേശം പാലിക്കേണ്ടതിനാലും ഈ വിഷയം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെലീന.എ

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ് ,പാളയം, തിരുവനന്തപുരം.
സെക്രട്ടറി സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം , പുന്നൻ റോഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ്; തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. |
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് &ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ [LSGD-EM2/149/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar D
Date: 18-05-2024 16:47:40

സെക്ഷൻ ഓഫീസർ

പകർപ്പ് :- പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.